"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വികസനഫണ്ട് വിഹിതം പുതുക്കിയതിന് അനുസൃതമായി 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.104/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/07/2020

പരാമർശം:- 1 29.01.2018-ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ

2 02.02.2018-ലെ സ.ഉ.(കൈ) നം.17/2018/തസ്വഭവ

3 05.12.2019-ലെ സ.ഉ.(കൈ) നം.157/2019/തസ്വഭവ

4 31.03.2020-ലെ സ.ഉ(കൈ) നം.59/2020/തസ്വഭവ

5 31.03.2020-ലെ സ.ഉ.(സാധാ) നം.724/2020/തസ്വഭവ

6 11.04.2020-ലെ സ.ഉ.(കൈ) നം.62/2020/തസ്വഭവ

7 29.04.2020-ലെ സ.ഉ.(സാധാ) നം.794/2020/തസ്വഭവ

8 20.05.2020-ലെ സ.ഉ.(സാധാ) നം.928/2020/തസ്വഭവ

9 29.05.2020-ലെ സ.ഉ.(സാധാ) നം.1009/2020/തസ്വഭവ

10 22.06.2020-ലെ സ.ഉ.(സാധാ) നം. 1219/2020/തസ്വഭവ

11 29.06.2020-ലെ സ.ഉ.(അച്ചടി) നം. 87/2020/ധന

12 30.06.2020-ലെ സ.ഉ.(കൈ) നം.103/2020/തസ്വഭവ

**ഉത്തരവ്**

പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വർഷത്തെ വികസന പദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തെ അടിസ്ഥാനമാക്കിയാണ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (11) പ്രകാരം വികസനഫണ്ട് വിഹിതം പുനഃക്രമീകരിച്ചതിനാൽ പുതുക്കിയ വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്. മാത്രമല്ല, ലഭ്യമാകാവുന്ന വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിക്കൊണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതുണ്ട്. അതുപോലെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരമാർശം 4, 6 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും വേണം.

2. ഈ സാഹചര്യത്തിൽ 2020-21 വാർഷിക പദ്ധതി പരിഷ്കരിച്ച് അന്തിമമാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2.1 പരാമർശം 11 പ്രകാരം വികസനഫണ്ട് വിഹിതം പുനക്രമീകരിച്ചതിനെ തുടർന്ന് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടേയും പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലും ധനകാര്യ കമ്മീഷൻ ഗ്രാന്റിലും മാറ്റമുണ്ടായിട്ടുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് പുതുതായി അനുവദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സാധാരണ വിഹിതത്തിൽ മാറ്റമുണ്ടാകുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പട്ടികജാതി ഉപപദ്ധതി വിഹിതത്തിലും പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതത്തിലും മാറ്റമില്ല.

2.2 വികസന ഫണ്ട് വിഹിതത്തിലെ മേൽപ്പറഞ്ഞ മാറ്റങ്ങൾക്ക് അനുസൃതമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവയുടെ 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകളും അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളും ഉൾപ്പെടുത്തി വേണം വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടത്. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ ഓരോ വിഭാഗത്തിലേയും 2020-21-ലെ യഥാർത്ഥ വിഹിതത്തിനൊപ്പം ആ വിഭാഗത്തിലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ലഭ്യമാകാവുന്ന അധിക വിഹിതം കൂട്ടിച്ചേർത്തു കൊണ്ടുള്ള ആകെ തുകയിൽ ആ വിഭാഗത്തിലെ പ്രോജക്ടുകൾ പരിമിതപ്പെടുത്തണം.

2.3 വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കാവുന്ന അധിക തുക:-

i. സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കാവുന്ന പരമാവധി അധിക തുക എത്രയെന്ന് കണക്കാക്കുന്നതിന് പരാമർശം 5, 10 എന്നീ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കേണ്ടതാണ്.

ii. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ ഓരോ വിഭാഗത്തിലും 2020 മാർച്ച് 31-ലെ യഥാർത്ഥ ചെലവിനൊപ്പം ഏപ്രിൽ 18 വരെയുള്ള പെന്റിംഗ് ബിൽ തുക കൂട്ടിയാൽ ലഭിക്കുന്ന തുകയോ ചുവടെ പ്രതിപാദിക്കുന്ന പരിധിയോ ഇവയിൽ ഏതാണോ കുറവ് അത് അധിക തുകയായി അനുവദിക്കുമെന്നാണ് പരമാർശം 5 പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്.

- ഗ്രാമപഞ്ചായത്തുകൾ : 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2019-20-ലെ ബജറ്റ് വിഹിത ത്തിന്റെ 30 ശതമാനം
- ജില്ലാ പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ: 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 35 ശതമാനം

iii. 2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും 2019-20-ൽ ലഭിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാധ്യത 2020-21-ൽ അധികം അനുവദിക്കുമെന്ന് പരാമർശം 10 പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ഇപ്രകാരം ലഭിക്കാവുന്ന തുക കൂടി മുൻ ഖണ്ഡിക പ്രകാരം കണക്കാക്കുന്ന അധിക വഹിതത്തിനൊപ്പം ഉൾപ്പെടുത്താവുന്നതാണ്.

iv. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ലഭ്യമാകാവുന്ന അധിക വിഹിതത്തിൽ കൂടുതൽ സ്പിൽ ഓവർ ബാധ്യതയുണ്ടെങ്കിൽ, ലഭ്യമാകാവുന്ന അധിക വിഹിതത്തിൽ കൂടുതലുള്ള സ്പിൽ ഓവർ ബാധ്യത 2020-21-ലെ വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. അതിനനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തണം.

v. പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ആറ് കോർറേഷനുകൾക്കും മലപ്പുറം മുനിസി പ്പാലിറ്റിക്കും അടിസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ഈ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ, പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാന ഗ്രാന്റ് / പെർഫോർമൻസ്

ഗ്രാന്റ്) വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളിൽ സ്പിൽ ഓവർ ആയവ പൂർത്തിയാക്കുന്നതിന് ലഭിക്കാവുന്ന അധികവിഹിതം തൽക്കാലം അടിസ്ഥാന ഗ്രാന്റ് വിഭാഗത്തിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്. നടപ്പുവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ആറ് കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കും ഇതിനകം വിതരണം ചെയ്ത തുക, ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കാവുന്ന അധികതുകയുടെ ആദ്യ ഗഡുവായി പരിഗണിക്കേണ്ടതാണ്. അധിക വിഹിതമായി ലഭിക്കാവുന്ന തുകയിൽ കൂടുതലുള്ള സ്പിൽ ഓവർ ബാധ്യത പൊതു വിഭാഗത്തിലെ സാധാരണ വിഹിതത്തിൽ ഉൾപ്പെടുത്തണം

vi. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ (2019-20), ഭൗതികവും സാമ്പത്തികവുമായി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽഓവർ പ്രോജക്ടുകളായി നിശ്ചയിക്കാവുന്നതാണ്.

2.4 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്ന എല്ലാ പ്രോജക്ടുകളും അവയുടെ വിനിയോഗം സംബന്ധിച്ച് പരാമർശം 12 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കണം. ഒപ്പം, പരാമർശം 12-ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതിയും തയ്യാറേക്കേണ്ടതാണ്.

2.5 വാർഷിക പദ്ധതി ഈ രീതിയിൽ പരിഷ്കരിക്കുന്നതിനൊപ്പം പരാമർശം 4, 6 എന്നിവ പ്രകാരം അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളും (ജി.ഒ. പ്രോജക്ടുകളും) പരാമർശം 6 ന്റെ ഖണ്ഡിക 7.2 പ്രകാരം കാർഷിക മേഖലയിൽ ഏറ്റെടുത്ത പ്രത്യേക പ്രോജക്ടുകളും (special projects) മുൻവർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2020-21 ലെ വിഹിതവും ഓരോ വിഭാഗത്തിലും ലഭ്യമാകാവുന്ന ആകെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.6 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിർവഹണം ആരംഭിക്കാത്ത പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ, പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്. ആവശ്യമെങ്കിൽ പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രോജക്ട് മറ്റൊരു വിഭാഗത്തിലേയ്ക്ക്, ആ വിഭാഗം ഫണ്ടിന്റെ മാർഗ്ഗരേഖ അനുസരിച്ച് അനുവദനീയമാണെങ്കിൽ, മാറ്റി ഉൾപ്പെടുത്താവുന്നതുമാണ്.

2.7 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് പൂർണ്ണമായും ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് വിനിയോഗിക്കണമെന്ന് നിബന്ധനയുള്ളതിനാൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 10 ശതമാനത്തിൽ കുറയാതെയും നഗരസഭകൾ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 15 ശതമാനത്തിൽ കുറയാതെയും മാലിന്യ സംസ്കരണത്തിനും ജല സംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നുള്ള പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 5.4.1 (4)-ലെ നിബന്ധന ഒഴിവാക്കുന്നു.

2.8 2019-20 വാർഷിക പദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള പ്രാഥമിക അനുമതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും 2020 മാർച്ച് ആദ്യം വാങ്ങിയെങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഭേദഗതി സംബന്ധമായ നടപടിക്രമങ്ങൾ മാർച്ച് 31-ന് മുൻപ് പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. അത്തരം തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് തുടങ്ങി വച്ച ഭേദഗതി നടപടികൾ ഇപ്പോൾ പൂർത്തിയാക്കാവുന്നതും അതനുസരിച്ച് വാർഷിക പദ്ധതി ക്രമപ്പെടുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതുമാണ്. വെറ്റിംഗ് നടത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

2.9 2020-21-ലെ പരിഷ്കരിച്ച വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം പ്രോജക്ടുകളുടെ വെറ്റിംഗ് നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും.

2.10 ഈ ഉത്തരവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 2020 ജൂലൈ 10-നകം പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
13. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
15. എല്ലാ നഗര കാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.07.02 12:25:55 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്